(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-10/115/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി:23.03.2019
Ph:04862 227332
Email:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംദേശം ബ്ലോക്ക്പഞ്ചായത്ത്

സർ,

വിഷയം:- ഇളംദേശം ബ്ലോക്ക്പഞ്ചായത്ത്-2017-2018 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, ഇടുക്കി
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-10/115/2019 തീയതി :23.03.2019

## ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.10.2017മുതൽ 03.02.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.റ്റി.എൽ.സാംകുട്ടി ,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.02.2019മുതൽ 08.02.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജിബി ഇ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എബി എബ്രഹാം | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബിന്ദു പ്രസന്നൻ | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ജി ശിശുപാലൻ | 01.04.2017 മുതൽ27.09 .2017 വരെ |
| | ശ്രീ. കെ.ആർ.ഭാഗ്യരാജ് | 28.09.2017 മുതൽ 31.03 .2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. വി.ജെ.ജോർജ്ജ് കുട്ടി<br>ശ്രീമതി. സോഫിയമോൾ | 01.04.2017മുതൽ 13.07.2017വരെ<br>14.07.2017മുതൽ 31.03.2018വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അനൂപ് കുമാർ പി.സി | 01.04.2017മുതൽ 05.11.2017 വരെ |
| | ശ്രീമതി. ആനിയമ്മ ഫ്രാൻസിസ് | 06.11.2017 മുതൽ 31.03.2018വരെ |
| അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ. ബെന്നി തോമസ് | 01.04.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സബിദ ബീഗം | 01.04.2017മുതൽ 31.03.2018 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ. സുധീഷ് എം.പി | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | ഡോ.മെറീന ജോർജ്ജ് | 01.04.2017മുതൽ 30.09.2017 വരെ |
| | ഡോ.ഖായീസ് ഇ.കെ | 31.09.2017 മുതൽ31.03.2018 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.സിസിലിയാമ്മ മാത്യു | 01.04.2017മുതൽ 31.03.2018 വരെ |
| അസി. എക്സി.എഞ്ചിനീയർ | ശ്രീമതി.ജിജി തോമസ് | 01.04.2017മുതൽ 07.11.2017 വരെ |
| | ശ്രീ. ജോർജ് ജോസഫ് | 08.11.2017 മുതൽ31.03.2018 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |

| | | |
|---|---|---|
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ |
| 13 | 2-1 | രസീതുകൾ സ്റ്റോക്കിലെടുക്കുന്നില്ല |
| 14 | 2-2 | സി.എച്ച്.സി. വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല |
| 15 | 3-1 | കുവപ്പള്ളി എസ്.സി,ഹോസ്റ്റൽ വയറിംഗ് - പൂർത്തീകരണത്തിനായി തുടർ പദ്ധതി ആവിഷ്കരിച്ചില്ല- നിരാകരണം ₹82500/- |
| 16 | 3-2 | അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല |
| 17 | 3-3 | പദ്ധതിപ്പണം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ അവശേഷിച്ചത് & പ്രോജക്റ്റിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് |
| 18 | 3-4 | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം |
| 19 | 3-5 | പദ്ധതി രൂപീകരണം- പ്രിന്റിംഗിന് ടെണ്ടർ നടപടി സ്വീകരിച്ചില്ല |
| 20 | 3-6 | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഐ.ഡബ്ല്യൂ.എം.പി പദ്ധതിക്ക ചെലവായ തുക തിരികെ അടവാക്കേണ്ടതാണ് |
| 21 | 3-7 | മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി കംമ്പ്യൂട്ടർ പരിശീലനം നടത്തി പണം നൽകി, 13500/- നിരാകരണം |
| 22 | 3-8 | വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല, തടസ്സം 10,00,000/- |
| 23 | 3-9 | കരിമണ്ണൂർ ,കുവപ്പള്ളി എസ്.സി ഹോസ്റ്റൽ നവീകരണം ,അപാകതകൾ സംബന്ധിച്ച് |
| 24 | 3-10 | പ്രോജക്റ്റിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് |

| | | |
|---|---|---|
| 25 | 3-1 | റോഡ് പണി പൂർത്തീകരിച്ചിട്ടില്ല |
| 26 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 39 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 30 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 31 | 4-6 | ഓഡിറ്റ് റിക്കവറി |
| 32 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 33 | 4-8 | ചാർജ് /സർചാർ നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക |
| 34 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-10 | തീർപ്പാക്കുവാൻ അവഷേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 36 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-2018വർഷത്തെ ബജറ്റ് 27..03.2017 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 14.5.2018 | - | - |

## 1-3 നാർഷീക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 07.02.2019 | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34401035 |
| വരവ് | 71724655 |
| ആകെ | 106125690 |
| ചെലവ് | 71464798 |
| നീക്കിയിരിപ്പ്- | 34660892 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 29242974 | 29242974 | 29226961 | 16013 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5073770 | 5073770 | 4236955 | 836815 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 11039000 | 11039000 | 6103769 | 4935231 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5854234 | 5854234 | 2271684 | 3582550 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ദാരിദ്ര്യലഘൂകരണ യൂണിറ്റ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 28716 | 0 | 28716 | 0 | 28716 |
| ഐ.എ.വൈ. ജനറൽ (യൂണിയൻ ബാങ്ക് 4450) | 69 | 0 | 69 | 0 | 69 |
| സമ്പൂർണ്ണ ശുചിത്വം | 603786 | 50960 | 654746 | 25480 | 629266 |
| സമഗ്ര നീർത്തട പരിപാലന പദ്ധതി (IWMP) | 13170 | 200000 | 213170 | 200202 | 12968 |
| പ്രത്യേക കേന്ദ്രവിഹിതം | 22115 | 0 | 22115 | 0 | 22115 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| സാക്ഷരത | 5324 | 0 | 5324 | 0 | 5324 |

| | | | | | | |
|---|---|---|---|---|---|---|
| യൂണിയൻ ബാങ്ക് 4241 (പലിശ തുക) | | 0 | 107 | 107 | 0 | 107 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ് (HADA) | | 94881 | 0 | 94881 | 33354 | 61527 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 8876847 | 624500 | 9501347 | 0 | 9501347 |
| | ജില്ലാ പഞ്ചായത്ത് | 8722520 | 2036647 | 10759167 | 0 | 10759167 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 6010251 | 3582000 | 9592251 | 4142383 | 5449868 |
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് 0001 | | 500 | 0 | 500 | 0 | 500 |
| യൂണിയൻ ബാങ്ക് 14511 | | 477427 | 18490 | 495917 | 0 | 495917 |
| യൂണിയൻ ബാങ്ക് 16977 | | 22722 | 317537 | 340259 | 301826 | 38433 |
| യൂണിയൻ ബാങ്ക് 16976 | | 38110 | 20852 | 58962 | 19376 | 39586 |
| യൂണിയൻ ബാങ്ക് ലൈഫ് മിഷൻ | | 0 | 1594000 | 1594000 | 470499 | 1123501 |
| യൂണിയൻ ബാങ്ക് 17542 | | 6122 | 237 | 6359 | 0 | 6359 |
| `യൂണിയൻ ബാങ്ക് 4450 | | 69 | 0 | 69 | 70 | -1 |
| യൂണിയൻ ബാങ്ക് (പ്ലാൻ) | | 8454412 | 24904071 | 33358483 | 30694178 | 2664305 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 683 | 0 | 683 | 0 | 683 |
| | ട്രഷറി അക്കൗണ്ട് | 1020105 | 4711235 | 5731340 | 1910205 | 3821135 |
| | ക്യാഷ് | 3206 | | | | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 117 | 73664681 | 79 | 41839369 | 6 | 32 | 67.50 |

2017-18 വർഷം ആകെ ₹ 73664681/- പദ്ധതി അടങ്കലിലായി 117 പദ്ധതികൾ ഏറ്റെടുത്തതിൽ 79 പദ്ധതികളിലായി ₹41839369/- ചെലവഴിച്ചിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 36 | 26 | 24077123 | 16716484 | 69 |
| 2 | സി.ഡി.പി.ഒ. | 2 | 2 | 200000 | 199650 | 99.8 |
| 3 | ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 300000 | 300000 | 100 |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 1 | 1 | 300000 | 299956 | 99.9 |
| 5 | പട്ടിക ജാതി വികസന ഓഫീസർ | 5 | 4 | 971437 | 644539 | 66.35 |
| 6 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 | 3 | 4666975 | 3847975 | 82.45 |
| 7 | ഡയറി അക്സ്റ്റെൻഷൻ ഓഫീസർ | 4 | 4 | 9096000 | 4400000 | 48.37 |
| 8 | അസി. എക്സി. എൻജിനീയർ, എൽ.എസ്.ജി.ഡി. | 24 | 19 | 15354011 | 8611239 | 56 |
| 9 | അസി. എൻജിനീയർ ത.സ്വ.ഭ.വ. | 41 | 19 | 18699135 | 6819526 | 36.4 |
| | ആകെ | 117 | 79 | 73664681 | 41839369 | 56.8 |

2017-18 വർഷം ഏറ്റെടുത്തതും നിർവ്വഹണം നടത്താതെ ഉപേക്ഷിച്ചതുമായ പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക (₹) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പി.ആർ.ടി.സി. ട്രെയിനിംഗ് (പട്ടിക ജാതി വിഭാഗം) | 111985 | സെക്രട്ടറി |
| 2 | പി.ആർ.ടി.സി. ട്രെയിനിംഗ് (പട്ടിക വർഗ്ഗ വിഭാഗം) | 371725 | സെക്രട്ടറി |
| 3 | കയറുല്പന്ന നിർമ്മാണ പരിശീലനം (ജനറൽ) | 241000 | സെക്രട്ടറി |
| 4 | കയറുല്പന്ന നിർമ്മാണ പരിശീലനം (എസ്.സി.പി.) | 100000 | സെക്രട്ടറി |
| 5 | കയറുല്പന്ന നിർമ്മാണ പരിശീലനം (റ്റി.എസ്.പി.) | 300000 | സെക്രട്ടറി |
| 6 | പാലിയേറ്റീവ് കെയർ യൂണിറ്റ് (ഇളംദേശം സി.എച്ച്.സി.യിലേക്ക്) | 550000 | സെക്രട്ടറി |
| 7 | പകൽവീട് ഫർണിച്ചർ വാങ്ങൽ | 17672 | സെക്രട്ടറി |
| 8 | കരിമണ്ണൂർ കുവപ്പിള്ളി ഹോസ്റ്റലുകളിൽ ബയോഗ്യാസ് പ്ലാന്റ് | 200000 | പട്ടികജാതി വികസന ഓഫീസർ |
| 9 | കുവപ്പിള്ളി എസ്.സി.ഹോസ്റ്റലിൽ സാനിട്ടേഷൻ | 200000 | അസി.എക്സി. എൻജിനീയർ |
| 10 | പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് നിർമ്മാണം | 1715000 | അസി.എക്സി. എൻജിനീയർ |
| 11 | കിഴക്കേ മേത്തൊട്ടി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 1000000 | അസി. എൻജിനീയർ |

പദ്ധതി ആസൂത്രണത്തിനായി ഗ്രാമസഭ ചേർന്നിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യാതൊരു തീരുമാനങ്ങളും എഴുതിയിട്ടില്ല. പദ്ധതികളുടെ നിർവ്വഹണ യോഗ്യത സംബന്ധിച്ച കാര്യമായ ചർച്ചകൾ കൂടാതെയാണ് പദ്ധതികൾ ഏറ്റെടുക്കുന്നത്. പദ്ധതി ആസൂത്രണത്തിൽ ഭരണസമിതി കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകല്ല

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ്

നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സംവിധാനത്തിൽ അപാകതകളുണ്ട്. കൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല.

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ്

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

13 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും 1 പ്രാവശ്യം സമ്മേളിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.08.2017 04.09.2017 | 2017-2018 | 27.07.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.02.2015 മുതൽ 07.02.2015 വരെ | 2012-2013 | 28.04.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനങ്ങളിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

3.ഓഡിറ്റോറിയത്തിന്റെ വാടക വരവ്കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്താതിനാൽ വാർഷികകണക്കുകളിലെ തുകയുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടോയെന്നുള്ളതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

4.വാടകരജിസ്റ്റർ ,അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

5. പാസ്സ് ബുക്ക് ബാലൻസുകളുമായി ക്യാഷ് ബുക്ക് ബാലൻസ് പൊരുത്തപ്പെടുത്തിയിട്ടില്ല.

6.കെട്ടിട വാടക -ഡിസിബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

7തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീതുകൾ സ്റ്റോക്കിലെടുക്കുന്നില്ല

കൃഷി അസി.ഡയറക്ടർ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്കായി ഇളംദേശം ബ്ലോക്കിന്റെ കീഴിലുള്ള 7 പഞ്ചായത്തുകളിലേയ്ക്ക് 3-01-18ൽ 16 രസീത് ബുക്കുകൾ നൽകിയിട്ടുണ്ട്. എന്നാൽ അവ ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ സ്റ്റോക്കിലെടുത്തിട്ടുള്ളത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്. രസീതുകൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം നടത്തുമ്പോൾ നിർബന്ധമായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.

### 2-2 സി.എച്ചി.സി. വാടക ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല

മുൻ റിപ്പേർട്ടിൽ സൂചിപ്പിട്ടും തൻവർഷവും ബ്ലോക്ക് പഞ്ചായത്ത ഉടമസ്ഥതയിൽ ഇളംദേശത്തുള്ള സി.എച്ച്.സി. ക്വാർട്ടേഴ്സുകളുടെ വാടക ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കുന്നില്ല. ക്വാട്ടേഴ്സ് വാടക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുവപ്പള്ളി എസ്.സി,ഹോസ്റ്റൽ വയറിംഗ് - പൂർത്തീകരണത്തിനായി തുടർ പദ്ധതിക്ക് അംഗീകാരം വാങ്ങിയില്ല- ചെലവ് നിരാകരിക്കുന്നു - ₹82500/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കുവപ്പള്ളി എസ്.സി പ്രീമെട്രിക്ഹോസ്റ്റൽ വയറിംഗ് (s0056/17)എന്ന പദ്ധതി 2016-17ൽ ആവിഷ്കരിച്ചപ്പോൾ പദ്ധതി പൂർത്തീകരണം ഉൾപ്പടെ അടങ്കൽ തുകയായി ₹670000/- ആണ് വകയിരുത്തിയിരുന്നത്. എന്നാൽ ടി പ്രവർത്തിയ്ക്ക് പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ എക്സി.എഞ്ചിനിയർ ₹699,600/- ന്റെ എസ്റ്റിമേറ്റ് നൽകിയതിനാൽ പ്രവർത്തിപൂർത്തീകരണത്തിനായി ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ₹29600/- 21-03-2017 ലും ₹82500/- സെന്റേജ് ചാർജിനത്തിൽ 10-05-17 ലും നൽകിയിട്ടുണ്ട്. ഇതിൽ ₹29600/- അധികമായി ചെലവഴിച്ചത് തിരികെ അടവാക്കണമെന്ന് മുൻവർഷ റിപ്പോർട്ടിൽ

പ്രതിപാദിച്ചിരുന്നു. ടി പ്രവർത്തിയ്ക്ക് തുടർ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങാതെ അധികമായി ചെലവഴിച്ച ₹82500/- നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 പത്രപരസ്യത്തിന് അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല

| ബിൽ നമ്പർ തിയതി | തുക |
|---|---|
| 51/17-18/24.03.2018 | 25282 |
| 52/17-18/27.03.2018 | 98722 |
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 01/18 |

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ ടെണ്ടർ / ക്വട്ടേഷൻ ക്ഷണിക്കുന്നതിനായി ദിനപത്രങ്ങളിൽ പരസ്യം നൽകിയിരുന്നു. മംഗളം പത്രത്തിൽ പരസ്യത്തിന് ചെലവായ ₹8400/-യാണ് പാസ്സാക്കിയിരിക്കുന്നത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ മേൽ ബിൽ പ്രകാരം പത്രത്തിന്റെ എം.ഡി.കെ 3833/2017 തീയതി 17.11.2017 പ്രകാരമുള്ള ഒരേ ബില്ലിന് 2 പ്രാവശ്യം തുക പിൻവലിച്ച് നൽകിയിട്ടുണ്ട്. അധികമായി നൽകിയ 8400/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പദ്ധതിപ്പണം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ അവശേഷിച്ചതും പ്രോജക്ടിൽ ഉൾപ്പെടുത്താതെ ഫോട്ടോകോപ്പിയർ വാങ്ങിയതും- ചെലവ് തടസ്സം ചെയ്യുന്നു ₹ 48000/-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക വർഗ്ഗ വികസന ഓഫീസർ. |
|---|---|
| പ്രോജക്ട് | നം.83/18, പട്ടികവർഗ്ഗ പഠന സഹായ കേന്ദ്രം |
| അടങ്കൽ | ₹ 300000/- |
| ബിൽ നം./തീയതി/ തുക | 1/17-18, 300000 ,16.03.18 |

പട്ടിക വർഗ പഠന സഹായ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, മോഡം, പെൻഡ്രൈവ്, ഫാൻ, ഫർണ്ണിച്ചർ, ബുക്കുകൾ എന്നിവ വാങ്ങുന്നതിനും സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വിഭാവനം ചെയ്ത് പദ്ധതിക്കു വേണ്ടി ₹300000/- മേൽ ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് (നം710051400000172) പിൻവലിച്ച് നിക്ഷേപിച്ചു. എന്നാൽ 31.3.18 വരെ 228859/-രൂപ മാത്രമാണ് ചെലവഴിച്ചത്. ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം.6) ലഭിച്ച മറുപടിയിൽ 31.3.2018നു ശേഷം താഴെപ്പറയും പ്രകാരം തുകകൾ ചെലവഴിച്ചു എന്ന് വ്യക്തമാക്കി ആയത് പരിശോധിച്ച് ഉറപ്പാക്കിയിരിക്കുന്നു.

| | | |
|---|---|---|
| 8.10.18 | ₹10822 | ചെലവഴിച്ചു |

| | | |
|---|---|---|
| 04.12.18 | ₹44500 | ചെലവഴിച്ചു |
| 06.2.19 | ₹6631 | ചെലവഴിച്ചു |
| 06.02.19 | ₹9188 | തിരിച്ചടച്ചു |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി ട്രഷറിയിൽ നിന്നും ആതാത് സ്ഥാപനങ്ങളുടെ/വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് പണം നൽകുന്നതിന് പകരം നിർവ്വഹണ ഉദ്യേഗസ്ഥന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് ക്രമവിരുദ്ധമാണ്.

2) അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടാത്ത ഫോട്ടോസ്റ്റാറ്റ് മെഷീൻ ക്വട്ടേഷൻ നടപടിയിലൂടെ വാങ്ങിയിരിക്കുന്നു.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.6 ന് കൃത്യമായ മറുപടി നൽകിയില്ല. എന്നാൽ പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്യുന്നതിനും മറ്റും മറ്റ് സെന്ററുകളെ ആശ്രയിക്കാതെ സേവനം ലഭ്യമാക്കാനാണ് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങിയതെന്നും കൂടാതെ സെന്ററിന്റെ ദൈനംദിന ചെലവുകൾക്കാവശ്യമായ വരുമാനം ലഭ്യമാക്കുവാനും വേണ്ടിയാണ് ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങിയതെന്നും വാക്കാൽ അറിയിച്ചു. എന്നാൽ സെന്ററിന്റെ ദൈനംദിന ചെലവുകൾക്ക് ഫോട്ടോകോപ്പിയറിൽ നിന്നുള്ള വരുമാനം അപര്യാപ്തമാണ്. ഇങ്ങനെ തുടർ ചെലവുകൾക്കായി തുക തികയാതെ വന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിന്നുപോകുവാനും വാങ്ങിയ സാധനസാമഗ്രികൾ ഉപയോഗശൂന്യമാകുവാനുള്ള സാദ്ധ്യതയുമുണ്ട്.

3) സെന്ററിലേക്ക് കംപ്യൂട്ടർ വാങ്ങിയതിൽ കംപ്യൂട്ടർ ക്വട്ടേഷനിൽ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിരുന്നില്ല. പഠനസഹായ കേന്ദ്രത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിന് ഉചിതമായ സേവനം നൽകുന്ന തരത്തിൽ ഉപയോഗപ്രദമായ സ്പെസിഫിക്കേഷനുള്ള കംപ്യൂട്ടർ സംവിധാനമാണ് ആവശ്യമായിരിക്കുന്നത്. ഇക്കാര്യത്തിൽ ഉചിതമായ അധികാരി തയ്യാറാക്കുന്ന സ്പെസിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

4) പദ്ധതി പ്രകാരം പഠനസഹായ കേന്ദ്രത്തിന് ആവശ്യമായ പ്രിന്റർ വാങ്ങുന്നതിനു പകരമായി ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയിരിക്കുന്നു. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ₹48000/ യുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-4 വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | | സെക്രട്ടറി | |
|---|---|---|---|
| ബിൽ നമ്പർ തിയതി | തുക | ചെലവിനം | തടസ്സകാരണം |
| 12/17-18/ 10.08.2017 പ്രോജക്ട് നമ്പർ | 44645 | ഐ.കെ.എം.വിഹിതം – ഇൻഫർമേഷൻ കേരളാ മിഷന് നൽകിയത് | കൈപ്പറ്റ് രസീത്, വിനിയോഗ വിവരം |

| | | | |
|---|---|---|---|
| 4/18 | | | ഹാജരാക്കിയില്ല |
| 13/17-18/ 10.08.2017 പ്രോജക്ട് നമ്പർ.10/18 | 300000/- | അംഗൻവാടിക്ക് സ്ഥലം വാങ്ങൽ-ഇടമറുക് ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന് നൽകിയത് | കൈപ്പറ്റ് രസീത്, വിനിയോഗ വിവരം ഹാജരാക്കിയില്ല |
| 09/17-18/ 09.10.2017 പ്രോജക്ട് നമ്പർ 5/18 | 100000 | പാലിയേറ്റീവ് പരിചരണം – വിവിധ പഞ്ചായത്തുകൾക്ക് നൽകിയത് | - ടി- |
| 03/17-18/ 10.08.2017 പ്രോജക്ട് നമ്പർ 5/18 | 100000 | - ടി- | -ടി- |
| 12/17-18/ 13.11.2017 പ്രോജക്ട് നമ്പർ 5/18 | 100000 | - ടി- | -ടി- |
| 16/17-18/ 29.12.2017 പ്രോജക്ട് നമ്പർ 5/18 | 100000 | - ടി- | -ടി- |
| 27/17-18 20.02.2018 പ്രോജക്ട് നമ്പർ 5/18 | 100000 | - ടി- | -ടി- |
| 39/17-18/ 07.03.2018 പ്രോജക്ട് നമ്പർ.05/18 | 100000 | - ടി- | -ടി- |
| 4/17-18/ | 197952 | ജവഹർ ഭവന പദ്ധതി പലിശ- | -ടി- |

| | | | |
|---|---|---|---|
| 11.08.2017 പ്രോജക്ട് നമ്പർ 2/18 | | ബ്ലോക്ക് വിഹിതം വിവിധ പഞ്ചായത്തുകൾക്ക് നൽകിയത് | |
| 11/17-18/ 09.11.2017 പ്രോജക്ട് നമ്പർ 2/18 | 56000 | -ടി- | -ടി- |
| 22/17-18/ 08.02.2018 പ്രോജക്ട് നമ്പർ 2/18 | 315258 | -ടി- | -ടി- |
| 37/17-18/ 03.03.2018 പ്രോജക്ട് നമ്പർ 2/18 | 148065 | -ടി- | -ടി- |
| 50/17-18/ 22.03.2018 പ്രോജക്ട് നമ്പർ0.2/18 | 46395 | -ടി- | -ടി- |
| 10/17-18/ 08.11.2017 പ്രോജക്ട് നമ്പർ12/18 | 400000 | അങ്കണവാടിക്ക് കെട്ടിട നിർമ്മാണം-ചീങ്കല്ല് – കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന് നൽകിയത് | -ടി- |
| 36/17-18/ 03.03.2018 പ്രോജക്ട് നമ്പർ13/18 | 400000 | അങ്കണവാടിക്ക് കെട്ടിട നിർമ്മാണം-വാഴക്കാല – കോടിക്കുളം ഗ്രാമപഞ്ചായത്തിന് നൽകിയത്. | -ടി- |
| 14/17-18/ 28.11.2017 പ്രോജക്ട് | 300000 | അങ്കണവാടിക്ക് കെട്ടിട നിർമ്മാണം-വാഴക്കാല – കോടിക്കുളം ഗ്രാമപഞ്ചായത്തിന് നൽകിയത് | -ടി- |

| | | | |
|---|---|---|---|
| നമ്പർ14/18 | | | |
| 08/17-18/ 09.10.2017 പ്രോജക്ട് നമ്പർ27/18 | 303000 | ആലക്കോട് ഇ.എം.എസ് കോളനി പരിസരത്ത് പൈപ്പ്ലൈൻ നീട്ടൽ – ആലക്കോട് ഗ്രാമപഞ്ചായത്തിന് നൽകിയത് | -ടി- |
| 33/17-18/ 26.02.2018 പ്രോജക്ട് നമ്പർ81/18 | 160000 | തറപ്പേൽ കോളനികിണർ നിർമ്മാണം – കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന് നൽകിയത് | -ടി- |
| 55/17-18/ 26.03.2018 പ്രോജക്ട് നമ്പർ.125/18 | 220000 | കുവപ്പള്ളി 91-ാം നമ്പർ അങ്കവാടി കെട്ടിട നിർമ്മാണം | -ടി- |
| 42/17-18/ 16.03.2018 പ്രോജക്ട് നമ്പർ 137/18 | 714666 | വെള്ളിയാമറ്റം- 88-ാം നമ്പർ അങ്കവാടി കെട്ടിട നിർമ്മാണം | -ടി- |
| 47/17-18/ 23.03.2018 പ്രോജക്ട് നമ്പർ 137/18 | 467359 | -ടി- | -ടി- |
| 48/17-18/ 23.03.2018 പ്രോജക്ട് നമ്പർ.137/18 | 576500 | -ടി- | -ടി- |
| 1/17-18/ 29.12.2017 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ( സിഡിപിഒ) | -ടി- |
| ആകെ | 5349840 | | |

₹ 5349840/-യുടെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 പദ്ധതി രൂപീകരണം- പ്രിന്റിംഗിന് ടെണ്ടർ നടപടി സ്വീകരിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി രൂപീകരണം മോണിറ്ററിംഗ് (01/18) എന്ന പ്രോജക്ടിൽ ആകെ ചെലവ് ₹158855/-യാണ്. ഇതിൽ ₹57630/- പ്രിന്റിംഗ് ചാർജ്ജിനത്തിൽ പ്രിൻടെക് പ്രസ് ,തൊടുപുഴ എന്ന സ്ഥാപനത്തിന് പ്രിന്റ് ചെയ്ത വകയിൽ നൽകിയതാണ്. ആയതിന് ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. 08.11.2010ലെ ജി.ഒ.(പി) 259/2010/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 2(എ) പ്രകാരം ₹ 49,999/-ന്ന് മുകളിൽ വരുന്ന എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് ടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത നടപടി സ്വീകരിക്കാതെ ചെലവ് നടത്തിയത് ക്രമവിരുദ്ധമാണ്. ₹57630/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ഐ.ഡബ്ല്യൂ.എം.പി. പദ്ധതിക്കു ചെലവായ തുക തിരികെ അടവാക്കേണ്ടതാണ്

ഐ.ഡബ്ല്യൂ.എം.പി. എന്ന പദ്ധതിയിൽ ഭരണ ചെലവുകൾക്കായി ₹235,348/- വൗച്ചർ നം. 60/17-18/02-08-17 പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ടി ചെലവിനുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി കംപ്യൂട്ടർ പരിശീലനം നടത്തി പണം നൽകിയത് ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് | 40/2017-18, കരിയർ ഗൈഡൻസ് & കംപ്യൂട്ടർ കരിമണ്ണൂർ,<br>(സ്പിൽഓവർ നം 77/2016-17) |
| അടങ്കൽ | ₹ 81437/- |
| ബിൽ നം./തീയതി/ തുക | 1/17-18/11.01.18 ₹36268/- |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്കിന്റെ കീഴിലുള്ള കരിമണ്ണൂർ ട്രെയിനിംങ് സെന്ററിൽ പട്ടികജാതി ഉദ്യോഗാർത്ഥികൾക്കായുള്ള കരിയർ ഗൈഡൻസ് & കംപ്യൂട്ടർ ട്രെയിനിംഗ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ബുക്കുകൾ, ദിനപത്രങ്ങൾ, സ്റ്റേഷനറി, പേപ്പർ ഷീറ്റുകൾ, നെറ്റ് കണക്ഷൻ ചാർജ്ജ്, കംപ്യൂട്ടർ പരിശീലനം എന്നിവയ്ക്ക് ₹ 81437/-അടങ്കൽ പ്രകാരം പദ്ധതി നടപ്പാക്കിയതിൽ ₹36268/- ചെലവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ സ.ഉ(എംസ്) നം4/2016 ത.സ്വ.ഭ.വ തീയതി 11.1.2016 ഖണ്ഡിക 7-10 പ്രകാരം കംപ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് മേൽ പദ്ധതിയുടെ ഭാഗമായി കംപ്യൂട്ടർ പരിശീലനത്തിനായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ബി.എസ്.എസ് കംപ്യൂട്ടർ കോളേജിന് ₹ 28500/- നൽകിയിരുന്നു.

| ബിൽ നം/ തീയതി | തുക | റിമാർക്സ് |
|---|---|---|
| 1/17-18/ 11.1.2018 | 36268 | 11210100197161 അക്കൗണ്ടിലേയ്ക്ക് ബി.എസ്.എസ് കംപ്യൂട്ടർ കോളേജിന് 13500/- രൂപ നൽകിയിരിക്കുന്നു. |
| 1/16-17, 28.3.2017 | 15000 | 15000/- രൂപ ബി.എസ്.എസ് കോളേജിന് നൽകിയിരിക്കുന്നു. |

ബി.എസ്.എസ് കംപ്യൂട്ടർ കോളേജിന്റെ 9.3.2017 ലെ കത്ത് പ്രകാരം കംപ്യൂട്ടർ കോഴ്സ് 1 മാസം പിന്നിട്ടതിനാൽ ആകെ 16 കുട്ടികളുടെ ഫീസായി 25500/- രൂപയിൽ അഡ്വാൻസ് തുകയായി 15000/- രൂപ ആവശ്യപ്പെട്ടിരിക്കുന്നു. എന്നാൽ 28.3.2017 ലെ കത്ത് പ്രകാരം കോഴ്സ് 2 മാസം പൂർത്തിയാക്കിയിരിക്കുന്നുവെന്നും 19 കുട്ടികളുടെ ഫീസായി 28500/- രൂപ ആവശ്യപ്പെട്ടിരിക്കുന്നു. മേൽ തീയതികൾ തമ്മിൽ 19 ദിവസം മാത്രം വ്യത്യാസമുണ്ടെന്നിരിക്കെ ഒരു മാസത്തെ കോഴ്സ് അധികമയി നടത്തിയെന്നും 3 പേർക്ക് അധികമായി പ്രസ്തുത പരിശീലനം നൽകിയെന്നുമുള്ളത് അംഗീകരിക്കത്തക്കതല്ല.

2. പരിശീലനം നൽകിയ കുട്ടികളുടെ ഹാജർ, അപേക്ഷ, പരിശീലന തീയതി എന്നിവയൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3. ഗുണഭോക്താക്കളുടെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് അംഗീകരിച്ച് നൽകിയതായി കാണുന്നില്ല.

4. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.5) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ₹28500/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 ഫലവൃക്ഷതൈ വിതരണം-മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| പ്രോജക്ട് | 126/18, ഫലവൃക്ഷതൈ വിതരണം (വ്യക്തികൾക്ക്) |
| അടങ്കൽ ₹ 1250000 | ₹ 1000000/- (വികസന ഫണ്ട്)<br>₹ 250000/- (ഗുണഭോക്തൃ വിഹിതം) |
| ഗുണഭോക്തൃവിഹിതം | 118030100060/12.7.18 ₹246000/-<br>118030100077/14.8.18 ₹4032/- |
| ബിൽ നം./തീയതി/ തുക | 6/17-18/31.03.18- ₹1000000/- |

| | |
|---|---|
| | ₹550000/-എഴുവേലിൽ ഗാർഡൻസ്<br><br>₹450000/-റെയ്ഡ്കോ |
| ട്രാൻസ്ഫർ ചെയ്ത തുക | ₹161872/-120331200421134/29-8-2018-എഴുവേലിൽ ഗാർഡൻസ്<br><br>₹88000/-120031001500018/29-8-2018- റെയ്ഡ്കോ |

മേൽ പദ്ധതി പ്രകാരം ഇളംദേശം ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ പഞ്ചായത്തുകളിലെ കർഷകർക്ക് 4 തെങ്ങിൻ തൈകൾ, 2 റംബൂട്ടാൻ തൈകൾ, ഒരു ഗ്രാഫ്റ്റഡ് പ്ലാവിൻ തൈ എന്നീ ഫലവൃക്ഷതൈകൾ വിതരണം ചെയ്യുന്ന പദ്ധതിയിൽ 20% ഗുണഭോക്തൃ വിഹിതം അടയ്ക്കേണ്ടതാണ്. ഫലവൃക്ഷ തൈകൾ വാങ്ങുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ചു. രണ്ട് ടെണ്ടറുകൾ ലഭിച്ചതിൽ റംബൂട്ടാൻ തൈയ്ക്ക് കുറഞ്ഞ തുക രേഖപ്പെടുത്തിയ കട്ടപ്പന റെയ്ഡ്കോക്ക് തൈ ഒന്നിന് 269/- രൂപ പ്രകാരം 2000 റംബൂട്ടാൻ തൈകൾക്കും, തെങ്ങിൻ തൈ ഒന്നിന്ന് 138/-രൂപ നിരക്കിൽ 4144 തൈകൾക്കും, ഗ്രാഫ്റ്റഡ് പ്ലാവിൻ തൈ ഒന്നിന് 140/-രൂപ നിരക്കിൽ 1000 തൈകൾക്ക് കുറഞ്ഞ തുക രേഖപ്പെടുത്തിയ ജേക്കബ്ബ് തോമസ് എഴുവേലിൽ ഗാർഡൻസ് പുളിക്കൽ കവല കോട്ടയത്തിനും ടെണ്ടർ അംഗീകരിച്ച് കരാറുകൾ ഉറപ്പിച്ചു.

03.04.17ലെ പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്)80/17 പ്രകാരം ബ്ലോക്കിൽ നിന്നും വ്യക്തിഗത ആനുകൂല്യം നൽകുവാൻ പാടില്ലാത്തതാണ്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന മറ്റ് അപാകതകളും കാണുന്നു.

1) 03.4.2017 ലെ മാർഗ്ഗരേഖ പ്രകാരം കൃഷി മേഖലയിൽ ഫലവൃക്ഷതൈ വിതരണം പദ്ധതിക്ക് സബ്സിഡി 75% മാത്രമേ അനുവദനീയം എന്നാൽ 80% സബ്സിഡി നൽകിയിരിക്കുന്നു.

2) ഫലവൃക്ഷതൈകൾ ബ്ലോക്കിലോ ബ്ലോക്ക് പരിധിയിലുള്ള കൃഷിഭവനുകളിലോ ലഭ്യമാക്കി വിതരണം ചെയ്തതിന്റെയോ ഗുണഭോക്താക്കൾ തൈകൾ കൈപ്പറ്റിയതിന്റെയോ യാതൊരു രേഖകളും ഇല്ല

3)ഫലവൃക്ഷതൈകൾ ലഭിക്കുന്നതിനു മുൻപു തന്നെ പദ്ധതി പണം പൂർണ്ണമായും പിൻവലിച്ച് കരാറുകാർക്ക് (റെയ്ഡ്കോ 450000/- & ജേക്കബ്ബ് തോമസ്,എഴുവേലിൽ ഗാർഡൻസ് 550000/-) നൽകിയിരിക്കുന്നു

4)ഗുണഭോക്തൃ വിഹിതം ഈടാക്കിയത് 6/18, 7/18 മാസങ്ങളിലാണ്. ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനു മുൻപു തന്നെ പദ്ധതി പണം ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്നു.

5)ശ്രീ ജേക്കബ് തോമസിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെയും , കരാറുകാരൻ ജേക്കബ്ബ് തോമസിന്റെയും പേരിൽ ഉള്ള ഐ.ഡി.സി.ബി യുടെ കരിമണ്ണൂർ ബ്രാഞ്ചിലെ 120331200421134 നം സംയുക്ത അക്കൗണ്ടിലേയ്ക്ക് 550000/- രൂപയും ഗുണഭോക്തൃ വിഹിതം തുകയായ 161872/- രൂപയും ട്രാൻസ്ഫർ ചെയ്തിരിക്കുന്നു.

6) കൃഷി അസിസ്റ്റൻറ് ഡയറക്ടർ, 22.3.18 ൽ ഇളംദേശം ബ്ലോക്ക് സെക്രട്ടറിക്ക് അയച്ചിരിക്കുന്ന കത്തിൽ 4144 എണ്ണം തെങ്ങിൻ തൈകൾ ,ഒരു തൈക്ക് 138/- രൂപ വീതം, ജേക്കബ്ബ് തോമസ്,എഴുവേലിൽ ഗാർഡൻസ് എന്ന

സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാവുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 06.06.18 ൽ കൃഷി അസിസ്റ്റൻറ് ഡയറക്ടറുടെ ELDM-170/17 നം കത്തിലും കരാറുകാരൻ ജേക്കബ്ബ് തോമസ്,എഴുവേലിൽ ഗാർഡൻസിന് അയച്ചിരിക്കുന്ന കത്തിൽ ബ്ലോക്കിന്റെ പരിധിയിലുള്ള 6 പഞ്ചായത്തുകൾക്ക് ആവശ്യമായ തെങ്ങിൻ തൈകളുടെ എണ്ണം സൂചിപ്പിച്ച് നൽകിയിരിക്കുന്നത് 4000 മാത്രമാണ്. 144 തൈകൾ കുറവായി കാണിച്ചിരിക്കുന്നു.(ആകെ 4144 തൈകളുടെ പണം നൽകിയിട്ടുള്ളതാണ്.)

7) എഴുവേലിൽ ഗാർഡൻസിന്റെ തൈകളുടെ ബില്ല് ലഭ്യമാക്കിയിട്ടില്ല.

8) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പുകൾക്ക് (7& 8) മറുപടി ലഭ്യമാക്കിയില്ല. 5% അധിക സബ്സിഡി നൽകിയതിലൂടെ ചെലവായ 62500/-രൂപയും ഓർഡർ നൽകിയതിൽ കുറവായ 144 തെങ്ങിൻ തൈകളുടെ വിലയായി നൽകിയ 19872/- രൂപയും ഉൾപ്പെടെ രൂ.82372/- നിരാകരിക്കുകയും പദ്ധതി നടത്തിപ്പിലെ മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ബാക്കി തുകയായ രൂ.1167628/- യുടെ ചെലവ് തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും കരാറുകാരൻ ജേക്കബ്ബ് തോമസിന്റെയും പേരിൽ ഉള്ള ഐ.ഡി.സി.ബി യുടെ കരിമണ്ണൂർ ബ്രാഞ്ചിലെ 120331200421134 നം. സംയുക്ത അക്കൗണ്ട് ആരംഭിച്ച് പദ്ധതിപ്പണത്തിന്റെ ഇടപാടുകൾ നടത്തിയത് സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-9 ഹോസ്റ്റൽ നവീകരണം ,അപാകതകൾ സംബന്ധിച്ച്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്റ്റ് | 41/18, കരിമണ്ണൂർ ,കുവപ്പള്ളി എസ്.സി ഹോസ്റ്റലുകളിൽ ഫർണിച്ചറും വിനോദോപാധികളും വാങ്ങൽ |
| അടങ്കൽ | ₹ 190000/- |
| ബിൽ നം./തീയതി/ തുക | 2/17-18, 189500 ,11.03.18 |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ കരിമണ്ണൂർ ,കുവപ്പള്ളി എസ്.സി ഹോസ്റ്റലുകളിൽ ഫർണ്ണിച്ചറും വിനോദോപാധികളും വാങ്ങൽ എന്ന പദ്ധതിയിൽ (നം 41/17-18) ഉൾപ്പെടുത്തി കരിമണ്ണൂർ ഹോസ്റ്റലിൽ അധികമായി 2 ഗ്യാസ് കണക്ഷനും, കുവപ്പള്ളിയിൽ 2000 ലിറ്ററിന്റെയും,1000 ലിറ്ററിന്റെയും ഓരോ വാട്ടർ ടാങ്കുകളും വാങ്ങിയിട്ടുണ്ട്. ഗ്യാസ് കണക്ഷന് ക്വട്ടേഷൻ ക്ഷണിച്ചതായി ഫയലിൽ ഉണ്ടെങ്കിലും ഒരു കരാറുകാരനിൽ നിന്നുപോലുമുള്ള ക്വട്ടേഷൻ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ₹ 37500/- ഗ്യാസ് കണക്ഷനും ₹ 4883/-സെക്യൂരിറ്റി തുകയ്ക്കുമായി ചെലവഴിച്ചിട്ടുണ്ട്. കരിമണ്ണൂർ ഹോസ്റ്റലിൽ 2000 ലിറ്ററിന്റെ 2 വാട്ടർ ടാങ്കുകളും 1000 ലിറ്ററിന്റെ 2വാട്ടർ ടാങ്കുകളും നിലവിൽ ഉപയോഗിക്കാതെ ഉള്ളപ്പോഴാണ് ₹13400/ യ്ക്ക് കുവപ്പള്ളിയിൽ 2000, 1000 ലിറ്ററിന്റെ ഓരോ ടാങ്കുകൾ വാങ്ങുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5) ഫണ്ടിന്റെ

ലഭ്യതക്കുറവും അടിയന്തിര സാഹചര്യവും കണക്കിലെടുത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുവാൻ കമ്മിറ്റി അനുവാദം നൽകിയതിനാൽ നടപ്പാക്കിയെന്നാണ് മറുപടി ലഭ്യമാക്കിയത്. കരിമണ്ണൂർ ഹോസ്റ്റലിൽ ഉപയോഗിക്കാതെ വച്ചിരിക്കുന്ന ടാങ്കുകൾ കുവപ്പള്ളിയിൽ ഉപയോഗയോഗ്യമാണോ എന്നു പരിശോധിക്കുക പോലും ചെയ്യാതെയാണ് 2000, 1000 ലിറ്ററിന്റെ ഓരോ ടാങ്കുകൾ കുവപ്പള്ളിയിൽ വാങ്ങുന്നത് . അംഗീകൃത കമ്പനിയുടെ വിവരവും വാട്ടർ ടാങ്കുകളുടെ വിശദാംശങ്ങളും ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. രണ്ട് ഹോസ്റ്റലുകളുടെയും പദ്ധതി നിർവ്വഹണചുമതല ഒരേ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിരുന്നിട്ടും പദ്ധതി ഫണ്ട് ചെലവഴിക്കുന്നതിൽ കൃത്യമായ കണക്കുകൂട്ടലുകളില്ലാതെ ഫണ്ട് വിനിയോഗം നടത്തിയത് ഗൗരവമായി കാണുന്നു. ഫലപ്രദമായ രീതിയിൽ പദ്ധതി പണം വിനിയോഗിച്ച് വികസനക്ഷേമപ്രവർത്തനങ്ങൾ നടത്തുവാനും അപാകതകൾ വരാതെ ഭാവിയിൽ ഇത്തരം പദ്ധതികൾ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-10 പ്രോജക്ടിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങിയത് ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പ്രോജക്ട് | 154/18, എസ്.സി പഠന സഹായ കേന്ദ്രം |
| അടങ്കൽ | ₹400000/- |
| ബിൽ നം./തീയതി/ തുക | 4/17-18/31.03.18 ₹319269/- |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ എസ്.സി പഠന സഹായ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടയത്തൂർ, കോടിക്കുളം സെന്ററുകൾക്കായി പഠന സഹായ കേന്ദ്രങ്ങളിൽ ഫർണ്ണിച്ചറുകൾ, ബുക്ക്സ്, സ്റ്റേഷനറികൾ, കംപ്യൂട്ടറുകൾ, യു.പി.എസ്, മോഡം, പെൻഡ്രൈവ്, ഫാനുകൾ , കൂടാതെ ഫോട്ടോ സ്റ്റാറ്റ് മെഷീനുകളും വാങ്ങിയിട്ടുണ്ട്. ആയതിലേക്കായി ആകെ ₹319269/- ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) പ്രോജക്ടിൽ 2 പ്രിന്ററുകൾക്കാണ് തുക വകയിരുത്തിയിരുന്നതെങ്കിലും. അത് ഒഴിവാക്കി 2 സെന്ററുകളിലേയ്ക്കും ഫോട്ടോ സ്റ്റാറ്റ് മെഷീൻ വാങ്ങിച്ചിരിക്കുന്നു. എസ്.സി. പഠനസഹായ കേന്ദ്രത്തിന്റെ തുടർ ചെലവുകളായ ടെലഫോൺ ചാർജ്, ഓണറേറിയം, ടോണർ റീഫില്ലിംഗ് തുടങ്ങിയ ചെലവുകൾക്കുള്ള തുക കണ്ടെത്തുവാനും, കോപ്പി എടുത്ത് നൽകുന്നതിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൽ നിന്ന് പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് സർട്ടിഫിക്കറ്റുകൾ സ്കാൻ ചെയ്ത് അപ് ലോഡ് ചെയ്യുന്നതിനും മറ്റ് സെന്ററുകളെ ആശ്രയിക്കാതെ സൗജന്യമായി സേവനം ലഭ്യമാക്കുവാനുമാണ് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയത് എന്നാണ് ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറി(നം.5)ക്ക് നിർവ്വഹണ ഉദ്യോഗസ്ഥനിൽ

നിന്നും മറുപടി ലഭിച്ചത്. എന്നാൽ സെന്ററുകളുടെ മേൽപ്പറഞ്ഞ ചെലവുകൾക്ക് ഫോട്ടോകോപ്പിയറിൽ നിന്നുള്ള വരുമാനം അപര്യാപ്തമാണ്. ഇങ്ങനെ തുടർ ചെലവുകൾക്കായി തുക തികയാതെ വന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിന്നുപോകുവാനുള്ള അവസ്ഥയുണ്ടായാൽ വാങ്ങിയ സാധനസാമഗ്രികൾ ഉപയോഗശൂന്യമാകുവാനുള്ള സാദ്ധ്യതയുണ്ട്. കുടയത്തൂർ സെന്റർ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തം കെട്ടിടമില്ലാതെ പഠന സഹായ കേന്ദ്രം ആരംഭിച്ചത് തന്നെ ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ വിഭാവനം ചെയ്യുന്നത് കൊണ്ടാണ്.

2. 2 സെന്ററുകളിലേക്ക് 2 കംപ്യൂട്ടർ വാങ്ങിയതിൽ കംപ്യൂട്ടർ ക്വട്ടേഷനിൽ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിരുന്നില്ല. കംപ്യൂട്ടർ പരിജ്ഞാനക്കുറവുമൂലം ക്വട്ടേഷനിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല എന്ന മറുപടി നിരുത്തരവാദിത്വപരമാണ്. പഠനസഹായ കേന്ദ്രത്തിൽ പട്ടികജാതി വിഭാഗത്തിന് ഉചിതമായ സേവനം നൽകുന്നതരത്തിൽ ഉപയോഗപ്രദമായ സ്പെസിഫിക്കേഷനുള്ള കംപ്യൂട്ടർ സംവിധാനം സജ്ജമാക്കുവാൻ ഇതുവഴി സാധിച്ചിട്ടില്ല.

3. പദ്ധതി പ്രകാരം 2 പഠനസഹായ കേന്ദ്രങ്ങൾക്ക് ആവശ്യമായ പ്രിന്ററുകൾ വാങ്ങുന്നതിനു പകരമായി രണ്ട് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിയിരിക്കുന്നു. ആയതിന്റെ വിലയായ ₹96000/ യുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-11 റോഡ് പണി പൂർത്തീകരിച്ചിട്ടില്ല

2014-2015 വർഷം പൂച്ചപ്ര കോട്ടക്കകത്തുപടി കാകളം റോഡ് പണിയുന്നതിനായി അടങ്കൽ തുകയായ 1000000/- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 18.02.2015 ൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായും റോഡ് പണി പൂർത്തീകരിച്ചിട്ടില്ല. പണി താമസംവിനാ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. പൂർത്തീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ ₹80,000

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹80,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | ₹80,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹80,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1302 തീയതി 17.11.2014 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1812 തീയതി 03.01.2015 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.2375 തീയതി 03.04.2014 | ₹10,000 |
| ആകെ | ₹80,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ് /സർച്ചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71724655 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71464798 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 201772 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6747598 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 82500 | ശ്രീ.പി.കെ ശിശുപാലൻ,സെക്രട്ടറി |
| 3-2 | - | 8400 | ടി |
| 3-8 | - | 82372 | ശ്രീ. ബെന്നി തോമസ്, കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | 48000 | | ശ്രീമതി ആനിയമ്മ ഫ്രാൻസിസ്, റ്റി.ഇ.ഒ |
| 3-4 | 5349840 | 642597 | ശ്രീ.ജി. ശിശുപാലൻ,സെക്രട്ടറി |
| | | 4607243 | ശ്രീ.കെ.ആർ.ഭാഗ്യരാജ്,സെക്രട്ടറി |
| | | 100000 | ശ്രീമതി സിസ്സിലിയാമ്മ മാത്യൂ, സിഡിപിഒ |
| 3-5 | 57630 | | ശ്രീ.കെ.ആർ.ഭാഗ്യരാജ്,സെക്രട്ടറി |
| 3-7 | 28500 | 13500 | ശ്രീമതി.സോഫിയാമോൾ എസ്, എസ്.സി.ഡി.പി.ഒ. |
| | | 15000 | ശ്രീ വി. ജെ. ജോർജ്കുട്ടി, എസ്.സി.ഡി.പി.ഒ |
| 3-8 | 1167628 | | ശ്രീ.ബെന്നി തോമസ് കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർ |
| 3-10 | 96000 | | ശ്രീമതി.സോഫിയാമോൾ എസ്, എസ്.സി.ഡി.പി.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-7, 3-8, 3-10

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജി. ശിശുപാലൻ,സെക്രട്ടറി | അടിത്തുണ് പറ്റി | ഇന്ദിര ഗാർഡൻസ്,<br>അയണിമൂട് പി.ഒ,<br>വെടിവെച്ചാൻകോവിൽ,<br>തിരുവനന്തപുരം |
| ശ്രീ.കെ.ആർ.ഭാഗ്യരാജ്,സെക്രട്ടറി | ബി.ഡി.ഒ, ഇളംദേശം<br>ബ്ലോക്ക് പഞ്ചായത്ത് | കാളക്കൂട്ടുങ്കൽ,<br>പെരിങ്ങാശ്ശേരി പി.ഒ<br>പിൻ.685581 |
| ശ്രീമതി സോഫിയമോൾ ,<br>പട്ടിക ജാതി വികസന ഓഫീസർ | പട്ടിക ജാതി വികസന<br>ഓഫീസർ ഇളംദേശം<br>ബ്ലോക്ക് പഞ്ചായത്ത് | മഞ്ഞ്മറ്റത്തിൽ,<br>മുളപ്പുറം പി.ഒ, കരിമണ്ണൂർ |
| ശ്രീ.ബെന്നി തോമസ്,<br>കൃഷി അസി.ഡയറക്ടർ | കൃഷി അസി.ഡയറക്ടർ<br>ഇളംദേശം ബ്ലോക്ക്<br>പഞ്ചായത്ത് | ചെമ്പരത്തിക്കൽ<br>മുതലക്കോടം പി.ഒ, ഇടുക്കി |
| ശ്രീ ജോർജുകുട്ടി വി. ജെ,<br>പട്ടിക ജാതി വികസന ഓഫീസർ | സൂപ്രണ്ട്,<br>ജില്ലാ പട്ടിക ജാതി<br>വികസന ഓഫീസ്, മൂലമറ്റം | വളയങ്കാട്ട്, അറക്കുളം, മൂലമറ്റം |
| ശ്രീമതി ആനിയമ്മ ഫ്രാൻസിസ്,<br>റ്റി.ഇ.ഒ | റ്റി.ഇ.ഒ, പൂമാല | കാഞ്ഞിരംപാറയിൽ,<br>കൊച്ചുകരിന്തിരുവി പി.ഒ. |

| | | |
|---|---|---|
| | | കെ. ചപ്പാത്ത് |
| ശ്രീമതി സിസ്സിലിയാമ്മ മാതൃ ,<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ, ഇളംദേശം<br>ബ്ലോക്ക് പഞ്ചായത്ത് | മംഗലത്ത്,<br>മൂലമറ്റം പി.ഒ , മൂലമറ്റം |

## 4-10 തീർപ്പാക്കുവാൻ അവഷേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അദാലത്തിന് ശേഷം അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ-3/347/99/ 27.09.1999 | 6 | 13,14,15,16,17,18 |
| 1996-97 | എൽ.എഫ്.ഐ-8-64/99/ 16.02.1999 | - | - |
| 19797-98 | എൽ.എഫ്.ഐ-3/388/99/ 27.09.1999 | 15 | 13 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ3/469/00/ 27.08.2000- | 8 | 19.20,21(1),23, 24,25,27,28 |
| 1999-2000 | എൽ.എഫ്.ഐ-4/221/2004/ 21.07.2004 | 12 | 14,15,16,17,21,22, 23,24,25,27,29,30 |
| 2000-2001 | എൽ.എഫ്.ഐ-4/224/2015/ 7.04.2015 | 17 | 14,15,16,17,18 (2,3) 20,21,22,23,24,26, 27,28,29,30,31,33 |
| 2001-2002 | എൽ.എഫ്.ഐ-4/377/2005/ 09.08.2005-64/99/16.02.1999 | 7 | 4,5,6,7,8,9,10 |
| 2002-2003 | എൽ.എഫ്.ഐ-4/240/2006/ 19.05.2006-64/99/16.02.1999 | 10 | 2-1,3-1മുതൽ 3-9 വരെ |
| 2003-2004 | എൽ.എഫ്.ഐ-4/872/2007/ 09.10.2007-64/99/16.02.1999 | 12 | 2-1 abc,<br>3-1 മുതൽ3-11 വരെ |
| 2004-2005 | എൽ.എഫ്.ഐ-4/58/2009/ 11.09.2009 | 5 | 2-2,3-1മുതൽ 3-4വരെ |

| | | | |
|---|---|---|---|
| 2005-2006 | എൽ.എഫ്.ഐ 4/507/2009/ 03.08.2009-64/99/16.02.1999 | 13 | 2-1,മതൽ2-12 വരെ |
| 2006-2007 | എൽ.എഫ്.ഐ-4/496/2012/ 06.07.2012-680/90/27.08.1990 | 7 | 2-1,3-5,3-8,3-9, 3-13,3-14,3-15 |
| 2007-2008 | എൽ.എഫ്.ഐ-4/312/2012/ 10.05.2012- | 3 | 3-1,3-7,3-8 abc |
| 2008-2009 | കെ.എസ്.എ -ഐഡികെ-10/1020 /2017/28.10.2017- /10/1409/18/01.01.2018 | 5 | 2-1,3-1,3-7, 3-8,3-11 |
| 2009-2010 | കെ.എസ്.എ -ഐഡികെ/10/ 1409/18/01.01.2018 - | 2 | 3-4,3-5 |
| 2010-2011 | കെ.എസ്.എ -ഐഡികെ- 10/1486/ 16/.05.12.2016 | 5 | 2-1,3-1,3-2, 3-3,3-5 |
| 2011-2012 & 2012-2011 | കെ.എസ്.എ -ഐഡികെ-10/442/ 18/18.04.18- | 7 | 3-1,3-2,3-3, 3-4,3-7,3-8,3-9 |
| 2013-2014 | കെ.എസ്.എ-ഐഡികെ-10-/960/ 2017/01.07.2017- | 3 | 3-2,3-3,3-5 |
| 2014-2015 | കെ.എസ്.എ -ഐഡികെ-10/732/ 2016/ 02.07.16-415/96/ 10.10.1996 | 6 | 2-1,2-2,2-3,2-4, 3-4,3-5,3-7 |
| 2015-2016 | കെ.എസ്.എ -ഐഡികെ- 10/1659/ 2017/22.03.2018-383/03/ /31.07.2003 | 5 | 2-1,2-2,2-3, 3-1,3-2 |

| | | | |
|---|---|---|---|
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ-10/1549/ 17/06.11.2017 | | 1-12, 2-2, 2-3, 3-1, 3-8, 3-11, 3-12, 3-13, 3-15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഐ.ഡി.കെ-10/115/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി: 23.03.2019
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ

സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ